## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 487. 19.03.2013 ൽ മറുപടിയ്ക്ക്

### കാസർഗോഡ് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ്

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിനു കീഴിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ; ഇതിനു എത്ര സ്ഥലം ആവശ്യമുണ്ട്; ആയതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; | (എ) | കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹനവകുപ്പിന് കീഴിൽ മോട്ടോർ വെഹിക്കിൾസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. ഇതിന് 40 ഏക്കർ (നാല്പത് ഏക്കർ) സ്ഥലം ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത 40 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ കണ്ടെത്തിയതായി കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) സി.എഫ് ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള കാസർഗോഡ് ആർ.ടി.ഒ. ഓഫീസിൽ ഉള്ള സൗകര്യം പര്യാപ്തമാണോ ; ഇല്ലെങ്കിൽ കൂടുതലായി എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്? | (ബി) | സ്ഥലസൗകര്യം പര്യാപ്തമല്ല .<br>ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അധിക സ്ഥലം ആവശ്യമായതിനാൽ കാസർഗോഡ് ആർ.ടി. ഓഫീസിനോട് ചേർന്ന് പുതിയ കെട്ടിടം പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സി.എഫ് ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന രജിസ്ട്രേഷൻ എന്നിവ സുഗമമായി നടത്തുന്നതിലേക്ക്, കാസർഗോഡ് ജില്ലയിൽ കണ്ട്ല വില്ലേജിൽ റീ സർവ്വേ നമ്പർ 382/1ൽ പെട്ട 0.44 ഏക്കർ ഭൂമി മോട്ടോർ വാഹന വകുപ്പിന് കൈമാറി നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണർ തത്വത്തിൽ തീരുമാനിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.